പതിമൂന്നാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1579 — 21.3.2012 ൽ മറുപടിയ്ക്ക്

## നാളികേരകർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി: | ശ്രീ . കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളികേരകർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദീകരിക്കുമോ; | (എ) കേരളത്തിലെ നാളികേര കൃഷിയുടെ വികസനത്തിനായി 2011-12 വർഷം കേരശ്രീ പദ്ധതി എറണാകുളം, പാലക്കാട്, മലപ്പുറം , കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ നടപ്പിലാക്കി വരുന്നു. ഇടുക്കി പാക്കേജിൽ ഉൾപ്പെടുത്തി നാളികേര വികസനത്തിനായി കഴിഞ്ഞ വർഷം രൂപീകരിച്ച 10 ക്ലസ്റ്ററുകളിലായി 250 ഹെക്ടറിൽ പ്രദർശനത്തോട്ടത്തിന്റെ രണ്ടാം വർഷ പരിചരണങ്ങൾ പുരോഗമിക്കുന്നു.<br>കുട്ടനാട് പാക്കേജ് പദ്ധതി പ്രദേശങ്ങൾ ഉൾപ്പെട്ട ആലപ്പുഴ, പത്തനംതിട്ട, കോട്ടയം എന്നീ ജില്ലകളിലെ പദ്ധതി പ്രദേശത്ത് |

കഴിഞ്ഞ വർഷം രൂപീകരിച്ച 75 ക്ലസ്റ്ററുകളിലെ 1875 ഹെക്ടർ സ്ഥലത്തെ പ്രദർശനത്തോട്ടങ്ങളുടെ 2-ാം വർഷ പരിചരണങ്ങൾ പൂർത്തീകരിച്ചു വരുന്നു. സംസ്ഥാന കൃഷി വകുപ്പിലൂടെ നടപ്പാക്കുന്ന നാളികേര വികസന ബോർഡിന്റെ പദ്ധതിയാണ് തെങ്ങു കൃഷിയിടങ്ങളിലെ സംയോജിത കൃഷിരീതികൾ കൂടാതെ തെങ്ങുകൃഷി പുനരുദ്ധാരണം എന്ന പദ്ധതിയും നടപ്പിലാക്കുന്നു.

(ബി) അത്യുത്പാദനശേഷിയുള്ളതും, ഉയരം കുറഞ്ഞതുമായ തെങ്ങിൻ തൈകൾ കർഷകർക്കു ലഭ്യമാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുന്നുണ്ടെന്നു വ്യക്തമാക്കുമോ;

(ബി) തൃശ്ശൂർ, മലപ്പുറം, കണ്ണൂർ , കാസർഗോഡ് ജില്ലകളിലെ അത്യുല്പാദന ശേഷിയുള്ളതും ഉയരം കുറഞ്ഞതുമായ തെങ്ങുകളിൽ പോളിനേഷൻ നടത്തി. വിത്തു തേങ്ങ സംഭരിച്ച് കൃഷി വകുപ്പിന്റെ ഫാമുകളിൽ പാകി കിളിപ്പിച്ച് മിതമായ നിരക്കിൽ കർഷകർക്ക് വിതരണം ചെയ്തു വരുന്നു. 2011-12 സാമ്പത്തിക വർഷം 2.714 ലക്ഷം വിത്തു തേങ്ങകൾ സംഭരിക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. 2012 നടീൽ കാലത്ത് വിതരണം ചെയ്യുന്നതിനായിട്ട് ഉത്പാദനം കൂടിയതും ഉയരം കുറഞ്ഞതുമായ തെങ്ങിൻ തൈകൾ ഉല്പാദിപ്പിക്കാൻ വേണ്ടി 1,19,360 റ്റിXഡി/ഡിXറ്റി ഇനത്തിൽപ്പെട്ട വിത്തുതേങ്ങകൾ വിവിധ ഫാമു

കളിൽ പാകിയിട്ടുണ്ട്. ആർ.കെ.വി.വൈ പദ്ധതിയിൽ കാർഷിക സർവ്വകലാശാലയിലെ വിവിധ ജില്ലകളിലായി പതിനൊന്നോളം സ്ഥലങ്ങൾ കേന്ദ്രീകരിച്ച് കർഷക പങ്കാളിത്തത്തോടെ സങ്കര തെങ്ങിൻതൈകൾ ഉൽപ്പാദിപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| (സി) | നാളികേരകർഷകരെ സഹായിക്കുന്ന വിവിധ ഏജൻസികളെ ഏകോപിപ്പിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുമോ? | (സി) | ഇക്കാര്യം പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ